721233

**D 140392** **(Pages : 2)** **Name.......................................**

**Reg. No...................................**

**SIXTH SEMESTER (CBCSS–UG) DEGREE EXAMINATION, APRIL 2026**

Malayalam

MAL 6B 12—GADHYA SAHITHYAM

(2020 Admission Onwards)

Time : Two Hours and a Half Maximum : 80 Marks

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക് വീതമുള്ള പതിനഞ്ച് ചോദ്യങ്ങൾ. പരമാവധി മാർക്ക് 25 :

1 നമ്പ്യാന്തമിഴ് എന്നാൽ എന്ത് ?

2 വാഴപ്പിള്ളി ശാസനം പുറപ്പെടുവിച്ചതിന്റെ ലക്ഷ്യം എന്തായിരുന്നു ?

3 ക്രമദീപികയിലെ ഉള്ളടക്കം വ്യക്തമാക്കുക.

4 മലയാള ഗദ്യത്തിന്റെ ചരിത്രത്തിൽ ഭാഷാകൗടലീയത്തിനുള്ള പ്രാധാന്യമെന്ത് ?

5 കാനോനകൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത് ?

6 ഉദയംപേരൂർ സൂനഹദോസ് ഒന്നാം യോഗവിചാരത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന കാര്യം എന്താണ് ?

7 സംക്ഷേപവേദാർത്ഥത്തിലെ പ്രതിപാദ്യമെന്ത് ?

8 വർത്തമാനപ്പുസ്തകത്തിൽ പൊതുവെ കാണുന്ന വാക്യഘടനാപരമായ അപാകത എന്താണ് ?

9 “ഒരു ഭാഷയ്ക്കു വരുന്ന പരിവർത്തനങ്ങളെ പൊതുവിൽ രണ്ടായി തിരിക്കാം”–അവ ഏതെല്ലാമെന്നാണ് കുട്ടികൃഷ്ണമാരാർ പറയുന്നത് ?

10 ആഖ്യാനം എന്നാൽ എന്ത് ?

11 മലയാളം അച്ചടിയുടെ ചരിത്രത്തിൽ ഹോർത്തൂസ് മലബാറിക്കൂസിനുള്ള പ്രാധാന്യമെന്ത് ?

12 “അങ്ങനെ സ്വച്ഛന്ദജലം നിറഞ്ഞു വഴിഞ്ഞൊഴുകുന്ന രണ്ടു നദികളുടെ നടുക്കാണ് കുറച്ചുനാൾ കഴിഞ്ഞുകൂടിയത്”–രണ്ടു നദികൾ എന്ന് എം. ആർ.ബി. വിശേഷിപ്പിക്കുന്നത് ആരെയെല്ലാമാണ് ?

13 തിരമൊഴി എന്നതു കൊണ്ട് വിവക്ഷിക്കുന്നതെന്ത് ?

14 എസ്.കെ. പൊറ്റെക്കാട്ട് രചിച്ച നാല് യാത്രാവിവരണകൃതിയുടെ പേരെഴുതുക.

15 ആത്മകഥയിൽ നിന്നും ജീവചരിത്രം ഭിന്നമാകുന്നതെങ്ങനെ ?

(25 marks)

**Turn over**

721233

721233



II. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 5 മാർക്ക് വീതമുള്ള എട്ടു ചോദ്യങ്ങൾ. പരമാവധി മാർക്ക് 35.

16 അക്ഷരമാല, പദസമൂഹം, വാക്യഘടന എന്നിവയിൽ ശാസനങ്ങൾ പുലർത്തിയിരുന്ന പ്രത്യേകതകൾ എന്തായിരുന്നു ?

17 ഭാഷാകൗടലീയത്തിന്റെ ഭാഷാപരമായ സവിശേഷതകൾ അവലോകനം ചെയ്യുക.

18 കേരളത്തിലെ ക്രിസ്തുമതത്തെ സംബന്ധിക്കുന്ന എന്തെല്ലാം വിവരങ്ങളാണ് വർത്തമാനപ്പുസ്തകത്തിൽനിന്ന് ലഭ്യമാകുന്നത് ?

19 മിഷനറി മലയാളവും അറബി മലയാളവും തമ്മിലുള്ള സാദൃശ്യങ്ങളും വ്യത്യാസങ്ങളും ചൂണ്ടിക്കാണിക്കുക.

20 മലയാള ഗദ്യത്തിന്റെ വളർച്ചയ്ക്ക് ആദ്യകാല പത്രങ്ങളും ആനുകാലികങ്ങളും വഹിച്ച പങ്ക് വിലയിരുത്തുക.

21 മലയാള നിരൂപണത്തിന്റെ ആദ്യഘട്ടത്തിലെ പ്രമുഖ നിരൂപകരെ പരിചയപ്പെടുത്തുക.

22 ഏ.പി. ഉദയഭാനുവിന്റെ അഭിപ്രായത്തിൽ അധ്യയന ഭാഷയെയും അറിവിന്റെ ഭാഷയെയും പറ്റിയുള്ള ശരിയായ സമീപനം എന്താണ് ?

23 'പാവങ്ങൾ' എന്ന നോവൽ വായിച്ചു കഴിഞ്ഞപ്പോൾ എം.ആർ.ബിയ്ക്കുണ്ടായ അനുഭവം വിവരിക്കുക.

(35 marks)

III. ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് മുന്നൂറു വാക്കിൽ കവിയാതെ ഉത്തരമെഴുതുക. 10 മാർക്ക് വീതം.

24 ആട്ടപ്രകാരങ്ങളിലെ ഗദ്യഭാഷയുടെ പ്രത്യേകതകൾ ശൂർപ്പണഖാങ്കത്തെ മുൻനിർത്തി അവലോകനം ചെയ്യുക.

25 ആധുനിക മലയാള ഗദ്യത്തിന് വഴിയൊരുക്കിയത് മിഷനറി ഗദ്യമാണെന്ന അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

26 'എന്റെ മൃഗയാസ്മരണകൾ' എന്ന ഓർമ്മക്കുറിപ്പിലൂടെ കേരളവർമ്മ വലിയ കോയിത്തമ്പുരാൻ അനുസ്മരിക്കുന്ന മൃഗവേട്ടയുടെ ചരിത്രം സംക്ഷേപിക്കുക.

27 മലയാള ഗദ്യസാഹിത്യത്തിൽ പാശ്ചാത്യസാഹിത്യ മാതൃകകളുടെ പ്രേരണകളും സ്വാധീനങ്ങളും എത്രത്തോളം പ്രകടമാണെന്ന് വിലയിരുത്തുക.

(2 × 10 = 20 marks)

721233